# കേരള കാർഷിക സർവ്വകലാശാല ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) അന്താരാഷ്ട്ര അവാർഡ് കരസ്ഥമാക്കിയ **ഇ-കൃഷി പാഠശാല** (Online courses in Agriculture) മൂന്ന് ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 'ജൈവകൃഷി'(Organic Agricultural Management), 'സസ്യപ്രജനനവും നഴ്സറി പരിപാലനവും' (Plant Propagation and Nursery Management), 'പഴം-പച്ചക്കറി സംസ്കരണവും വിപണനവും' (Post Harvest Management and Marketing of Fruits and Vegetables) എന്നിവയാണ് കോഴ്സുകൾ. ആറ് മാസമാണ് കോഴ്സുകളുടെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം. 50 % മാർക്കോടുകൂടി SSLC / പത്താംക്ലാസ് വിജയമാണ് ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. ഒരാൾ ഒരു സമയം ഒരു കോഴ്സിന് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. **അപേക്ഷകർക്ക് നിർബന്ധമായും ഇ-മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്.**

നിശ്ചിത യോഗ്യതയുള്ളവർ Account No : 67368597330 (Account type: Savings, S.B.T. K.A.U Branch Vellanikkara, IFSC Code : SBIN0070670, Branch Code: 000670, Favouring :Director, Center for e-learning)ലേക്ക് ഓൺലൈൻ ബാങ്കിംഗ് / NEFT വഴി ചുവടെ ചേർത്തിട്ടുള്ള ഫീസ് അടച്ചതിനു ശേഷം www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും Registration ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്.

ഫീസ് നിരക്കുകൾ:

| | |
|---|---|
| ഒരാൾക്ക് | : **6500** രൂപ |
| വിദ്യാർഥികൾക്ക് (50% ഫീസ് ഇളവ്) | : **3250** രൂപ |
| കുറഞ്ഞത് 20 പേർ അടങ്ങുന്ന ഗ്രൂപ്പ് ഒരുമിച്ച് രജിസ്റ്റർ ചെയ്താൽ | : ഒരാൾക്ക് **5000** രൂപ വീതം |
| കുറഞ്ഞത് 50 പേർ അടങ്ങുന്ന ഗ്രൂപ്പ് ഒരുമിച്ച് രജിസ്റ്റർ ചെയ്താൽ | : ഒരാൾക്ക് **4000** രൂപ വീതം |
| കുറഞ്ഞത് 100 പേർ അടങ്ങുന്ന ഗ്രൂപ്പ് ഒരുമിച്ച് രജിസ്റ്റർ ചെയ്താൽ | : ഒരാൾക്ക് **3250** രൂപ വീതം |

SSLC, പ്രീഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ. ഇവയിലേതെങ്കിലുമോ, തത്തുല്യമോ, ഉയർന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) സ്കാൻചെയ്തു celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. നിലവിൽ ജോലി ചെയ്യുന്നവർക്കും മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ഏത് രാജ്യത്തുള്ളവർക്കും അപേക്ഷിക്കാം. പ്രായപരിധിയില്ല. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2017 മെയ് 1

കോഴ്സുകൾ 2017 മെയ് 8 -ന് ആരംഭിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com -ലേക്ക് ഇ-മെയിൽ ആയോ 0487-2438567 ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

Sd/-

Vellanikkara,

01/ 04/2017

Director (CeL)